**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 508** **08-11-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി വകുപ്പിന്റെ ഡാമുകൾക്ക് റൂൾ കർവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2018-ലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ 2021 ഒക്ടോബർ മാസത്തിലെ തീവ്രമഴയെ നേരിടാൻ വൈദ്യുതി വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | മഴക്കാലത്തിനുമുൻപ് തന്നെ എല്ലാ അണക്കെട്ടുകളുടേയും ഗേറ്റുകൾ പ്രവർത്തന സജ്ജമാണെന്നത് ഉറപ്പുവരുത്തി, അലർട്ട് ലെവലുകൾ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയെ അറിയിച്ചിരുന്നു. ഡാമുകളിൽ ആവശ്യമെങ്കിൽ കൺട്രോൾ റൂമുകൾ തുറക്കാനുള്ള ഒരുക്കങ്ങൾ ഡ്രൈ റൺ നടത്തി പൂർത്തിയാക്കി. പ്രധാന അണക്കെട്ടുകൾക്ക് കേന്ദ്ര ജലകമ്മീഷനും കേരള സർക്കാരും അംഗീകരിച്ച റൂൾ ലെവലുകൾ പ്രകാരം ജലം സംഭരിക്കാൻ ഒരുക്കങ്ങൾ പൂർത്തിയാക്കി. |
| (ബി) | വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള ഡാമുകൾക്ക് റൂൾ കർവ് നിലവിലുണ്ടോ; വിശദമാക്കാമോ; | (ബി) | 200 mm3 ന് മുകളിൽ സംഭരണ ശേഷിയുള്ള ഇടുക്കി, ഇടമലയാർ, കക്കി, ബാണാസുരസാഗർ എന്നീ പ്രധാന സംഭരണികൾക്ക് കേന്ദ്ര ജല കമ്മീഷനും കേരള സർക്കാരും അംഗീകരിച്ച റൂൾ ലെവലുകൾ നിലവിലുണ്ട്. |
| (സി) | 2021 ഒക്ടോബർ മാസത്തിലെ തീവ്രമഴയെ നേരിടാൻ വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള ഡാമുകൾ റൂൾ കർവ് പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ഉണ്ട്. റൂൾലെവലുകൾ പാലിച്ചുകൊണ്ടാണ് കെ.എസ്.ഇ.ബി ഡാമുകളിൽ ജലം സംഭരിച്ചു വരുന്നത്. റൂൾ ലെവലുകളിൽ അധികരിച്ചാൽ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിച്ചും, ഡാമിന് താഴെ നദിയിലെ ജലനിരപ്പും, പ്രളയസാധ്യതയും, വേലിയേറ്റ സാധ്യതയും, വിലയിരുത്തി ജില്ലാ കളക്ടറുടെ അനുമതി വാങ്ങി, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ മാർഗ്ഗ രേഖ പാലിച്ചുകൊണ്ട് അധിക ജലം പുറത്തേയ്ക്ക് ഒഴുക്കി റൂൾകർവുകൾ പാലിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ